ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

DATE: 19.12.2025 TIME : 12.30 PM

### പ്രധാന വാർത്തകൾ

1. ശീതകാല സമ്മേളനം പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. സഭ സമ്മേളിച്ചത് 19 ദിവസം.
2. സംസ്ഥാന **PSC** ചെയർപേഴ്സൺമാരുടെ രണ്ട് ദിവസത്തെ ദേശീയ സമ്മേളനം രാഷ്ട്രപതി ദ്രൗപദി മുർമു ഹൈദരാബാദിൽ ഉദ്ഘാടനം ചെയ്തു. നിയമന പ്രക്രിയകളിൽ സുതാര്യത കാത്തുസൂക്ഷിക്കണമെന്ന് രാഷ്ട്രപതി.
3. മുപ്പതാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തിരശീല വീഴും. സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.
4. ക്രിസ്മസ്, പുതുവത്സര സീസണുകളിലെ യാത്രക്കാരുടെ തിരക്ക് കണക്കിലെടുത്ത് 138 പ്രത്യേക ട്രെയിനുകൾ അനുവദിച്ച് ഇന്ത്യൻ റെയിൽവേ.

5. സംസ്ഥാനത്തെ വഖഫ് സ്വത്തുകൾ, ഉമീദ് പോർട്ടലിൽ രജിസ്റ്റർ ചെയ്യാനുള്ള സമയപരിധി അഞ്ച് മാസത്തേക്കു കൂടി നീട്ടിയതായി മന്ത്രി വി. അബ്ദുറഹിമാൻ.

6. സൂപ്പർ ലീഗ് കേരള ഫുട്ബോൾ ഫൈനലിൽ ഇന്ന് കണ്ണൂരും തൃശൂരും ഏറ്റുമുട്ടും.

## പാർലമെൻറ്

പാർലമെന്റിൽ ഡിസംബർ 1 ന് ആരംഭിച്ച 19 ദിവസത്തെ ശീതകാല സമ്മേളനം ഇന്ന് അവസാനിച്ചു. ലോക്സഭയും രാജ്യസഭയും അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. സഭയുടെ പ്രവർത്തനങ്ങൾ ഏകദേശം 111 ശതമാനം കാര്യക്ഷമമായിരുന്നെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള സമാപന പ്രസംഗത്തിൽ പറഞ്ഞു. ആകെ 15 സിറ്റിങ്ങുകളാണ് നടന്നത്. വികസിത് ഭാരത്- ഗ്യാരൻറി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ ഗ്രാമീൺ ബിൽ 2025 , ആണവോർജ്ജ വിനിയോഗ ബിൽ തുടങ്ങിയ സുപ്രധാന ബില്ലുകളാണ് പാർലമെന്റ് പാസാക്കിയത്.

## ദേശീയ സമ്മേളനം (ഇൻട്രോ)

സംസ്ഥാന PSC ചെയർപേഴ്സൺമാരുടെ രണ്ട് ദിവസത്തെ ദേശീയ സമ്മേളനം രാഷ്ട്രപതി ദ്രൗപദി മുർമു ഹൈദരാബാദിൽ ഉദ്ഘാടനം ചെയ്തു. രാജ്യത്തുടനീളമുള്ള സംസ്ഥാന പിഎസ്സി ചെയർപേഴ്സൺമാരും മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുക്കും. പബ്ലിക് സർവീസ് കമ്മീഷന്റെ ആധികാരികത സംരക്ഷിക്കണമെന്നും നിയമന പ്രക്രിയയിൽ സുതാര്യത കാത്തുസൂക്ഷിക്കണമെന്നും രാഷ്ട്രപതി പറഞ്ഞു. (വോയ്സ്)

## ആഗോള ഉച്ചകോടി

പരമ്പരാഗത ചികിത്സാ സമ്പ്രദായങ്ങളുമായി ബന്ധപ്പെട്ട് ലോകാരോഗ്യ സംഘടനയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന

രണ്ടാമത് ആഗോള ഉച്ചകോടിയുടെ സമാപന സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ ആയുഷ് മേഖലയ്ക്കുള്ള ഡിജിറ്റൽ പോർട്ടലായ മൈ ആയുഷ് ഇന്റഗ്രേറ്റഡ് സർവീസസ് പോർട്ടൽ ഉൾപ്പെടെ നിരവധി സുപ്രധാന സംരംഭങ്ങൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## രത്തൻ യു കേൽക്കർ

തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിന്റെ ഭാഗമായി ഈ മാസം 23 നു പുറത്തിറക്കുന്ന കരട് വോട്ടർ പട്ടികയിൽ പേരുണ്ടോയെന്ന് സമ്മതിദായകർ പരിശോധിക്കണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ രത്തൻ യു കേൽക്കർ. സംസ്ഥാനത്ത് എന്യൂമറേഷൻ ഫോമുകളുടെ ഡിജിറ്റൈസേഷൻ നൂറു ശതമാനം പൂർത്തിയായി. അതിനിടെ, എസ്.ഐ.ആറിന്റെ സമയപരിധി നീട്ടണമെന്ന കേരളത്തിൻറെ ഹർജി ജനുവരി 6-ന് സുപ്രീംകോടതി വീണ്ടും പരിഗണിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## സത്യപ്രതിജ്ഞ

തദ്ദേശ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ ഞായറാഴ്ച നടക്കും. ജില്ലാ പഞ്ചായത്തുകളിലും കോർപറേഷനുകളിലും ജില്ലാ കളക്ടർമാരുടേയും, ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും വരണാധികാരികളുടേയും മുൻപാകെ മുതിർന്ന അംഗമാണ് ആദ്യം സത്യ പ്രതിജ്ഞ ചെയ്യുന്നത്. അധ്യക്ഷ- ഉപാധ്യക്ഷ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് ഈ മാസം 26, 27 തീയതികളിൽ നടക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## ഗോവ വിമോചന ദിനം

ഗോവ വിമോചന സമരത്തിൽ സ്മരണാഞ്ജലിയുമായി രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ. ഗോവയുടെ മോചനത്തിനായി പോരാടിയ സ്വാതന്ത്ര്യസമര സേനാനികളെ നന്ദിയോടെ സ്മരിക്കുന്നതായി രാഷ്ട്രപതി പറഞ്ഞു. ഇന്ത്യൻ ദേശീയതയുടെ ചരിത്രത്തിലെ നിർണായക

അധ്യായത്തെയാണ് ഗോവ വിമോചന ദിനം ഓർമ്മിപ്പിക്കുന്നതെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## ലോക് ഭവൻ ആദരിക്കുന്നു.

കേരളത്തിൽ നിന്നും ഗോവ വിമോചന സമരത്തിൽ പങ്കെടുത്തവരുടെ കുടുംബാംഗങ്ങളെ ലോക് ഭവൻ ആദരിക്കുന്നു. ഗോവ വിമോചന ദിനമായ ഇന്ന് വൈകിട്ട് നാലു മണിക്ക് നടക്കുന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പങ്കെടുക്കും. 1961-ൽ പോർച്ചുഗീസ് കോളോണിയൽ ആധിപത്യം അവസാനിപ്പിച്ചതോടെയാണ് ഗോവ വിമോചന സമരം വിജയം കണ്ടത്.

☸☸☸☸☸☸☸☸☸☸☸☸☸

## ചലച്ചിത്രമേള

മുപ്പതാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തിരശീല വീഴും. വൈകീട്ട് ആറിന് നിശാഗന്ധിയിൽ നടക്കുന്ന സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സിനിമ രംഗത്ത് 50 വർഷം പൂർത്തിയാക്കിയ സംവിധായകൻ സയീദ് മിർസയെയും മേളയുടെ ജൂറി ചെയർപേഴ്സൺ മുഹമ്മദ് റസൂലാഫിനേയും ചടങ്ങിൽ ആദരിക്കും. ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാര ജേതാവ് അബ്ദെറഹ്മാൻ സിസാക്കോയ്ക്ക് മുഖ്യമന്ത്രി പുരസ്കാരം സമ്മാനിക്കും. സമാപന ചടങ്ങിന് ശേഷം സുവർണ ചകോരം നേടിയ സിനിമ നിശാഗന്ധിയിൽ പ്രദർശിപ്പിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## ലേബർ കോൺക്ലേവ് 2025

സംസ്ഥാന സർക്കാരിൻറെ 'ലേബർ കോൺക്ലേവ് 2025' മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. തൊഴിലാളികളുടെ അവകാശങ്ങൾ ഹനിക്കപ്പെടുമെന്ന ആശങ്കയുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സുപ്രീം കോടതി മുൻ ജഡ്ജിമാർ, അഡ്വക്കറ്റ് ജനറൽ, ദേശീയ-സംസ്ഥാന ട്രേഡ് യൂണിയൻ നേതാക്കൾ, നിയമവിദഗ്ധർ, എന്നിവർ കോൺക്ലേവിൽ പങ്കെടുക്കുന്നുണ്ട്.

## ഇന്ത്യൻ റെയിൽവേ

ക്രിസ്മസ്, പുതുവത്സര സീസണുകളിലെ യാത്രക്കാരുടെ തിരക്ക് കണക്കിലെടുത്ത് ഇന്ത്യൻ റെയിൽവേ ഒമ്പത് സോണുകളിലായി 138 പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തും. അംഗീകാരം ലഭിച്ച 650 ട്രിപ്പുകളിൽ 244 ട്രിപ്പുകൾ നിലവിൽ പ്രഖ്യാപിച്ചതായി റെയിൽവേ മന്ത്രാലയം അറിയിച്ചു.

## ക്രിസ്മസ് - പുതുവത്സര ആഘോഷം

ക്രിസ്മസ് - പുതുവത്സര ആഘോഷങ്ങളോടനുബന്ധിച്ച് വീടുകളിലും മറ്റും വൈദ്യുത നക്ഷത്ര വിളക്കുകളും ദീപാലങ്കാരങ്ങളും ഒരുക്കുമ്പോൾ സുരക്ഷാ നടപടികൾ സ്വീകരിക്കണമെന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ. വീടുകളിലെ എർത്തിംഗ് സംവിധാനം കാര്യക്ഷമമാണെന്ന് ഉറപ്പാക്കണം. നക്ഷത്രദീപാലങ്കാരങ്ങളുടെ വയറുകൾ കുട്ടികളുടെ കൈയെത്താത്ത ദൂരത്ത് സ്ഥാപിക്കണമെന്നും ഇലക്ട്രിക്കൽ ഇൻസ്പെക്ടർ നിർദ്ദേശിച്ചു.

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 129 ആമത് പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 26 വരെ അറിയിക്കാം.

## വഖഫ് - ഉമീദ്

കേന്ദ്ര വഖഫ് ഭേദഗതി നിയമപ്രകാരം സംസ്ഥാനത്തെ വഖഫ് സ്വത്തുകൾ, ഉമീദ് പോർട്ടലിൽ രജിസ്റ്റർ ചെയ്യാനുള്ള സമയപരിധി അഞ്ച് മാസത്തേക്കു കൂടി നീട്ടിയതായി മന്ത്രി വി. അബ്ദുറഹിമാൻ. രെജിസ്ട്രേഷനുള്ള സമയപരിധി ഈ മാസം 6 ന് അവസാനിച്ചിരുന്നു. സംസ്ഥാന വഖ്ഫ് വകുപ്പും വഖ്ഫ് ബോർഡും

വഖഫ് ട്രൈബ്യൂണലിനെ സമീപിച്ച് സമയം നീട്ടി വാങ്ങുകയായിരുന്നു.

☸☸☸☸☸☸☸☸☸☸☸☸☸

## കണ്ണൂർ (ഇൻട്രോ)

കേന്ദ്ര സർക്കാറിന്റെ പി എം ഉഷ പദ്ധതി പ്രകാരം കണ്ണൂർ സർവ്വകലാശാലയിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ ശശിധരൻ...

(വോയ്സ്)

☸☸☸☸☸☸☸☸☸☸☸☸☸

## പാലക്കാട് മർദ്ദന മരണം

പാലക്കാട് അട്ടപ്പള്ളത്ത് ഇതര സംസ്ഥാന തൊഴിലാളി, മർദനത്തെ തുടർന്ന് മരിച്ച സംഭവത്തിൽ, 6 പേരെ പോലീസ് കസ്റ്റഡിയിലെടുത്തു. ഛത്തീസ്ഗഡ് ബിലാസ്പൂർ സ്വദേശി രാമനാരായൺ ഭയ്യാറാണ് മരിച്ചത്. മോഷണ കുറ്റമാരോപിച്ചാണ് രാമനാരായണിനെ നാട്ടുകാർ മർദ്ദിച്ചതെന്ന് പോലീസ് പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## സൂപ്പർ ലീഗ് കേരള (ഇൻട്രോ)

സൂപ്പർ ലീഗ് കേരള ഫുട്ബോൾ ഫൈനലിൽ ഇന്ന് കണ്ണൂർ വാരിയേഴ്സ് എഫ്സിയും തൃശൂർ മാജിക് എഫ്സിയും ഏറ്റുമുട്ടും. കണ്ണൂർ ജവഹർ സ്റ്റേഡിയത്തിൽ രാത്രി 7.30നാണ് മത്സരം. വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി സുരേഷ് ബാബു...

(☸☸☸☸☸☸☸☸☸☸☸☸☸

## ട്വന്റി 20

ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി 20 പരമ്പരയിലെ അഞ്ചാമത്തെയും അവസാനത്തെയും മത്സരം ഇന്ന് അഹമ്മദാബാദിൽ നടക്കും. പരമ്പരയിൽ ഇന്ത്യ 2-1 ന് മുന്നിലാണ്.

☸☸☸☸☸☸☸☸☸☸☸☸☸

## വിമാന സർവീസുകൾ

ഉത്തരേന്ത്യയിൽ കനത്ത മൂടൽമഞ്ഞിനെ തുടർന്ന് വിമാന സർവീസുകൾ തടസപ്പെടാൻ സാധ്യതയെന്ന് വ്യോമയാന

മന്ത്രാലയം. യാത്ര പുറപ്പെടും മുൻപ് വിമാനക്കമ്പനികളുടെ അറിയിപ്പുകൾ ശ്രദ്ധിക്കണമെന്നും മന്ത്രാലയം അഭ്യർത്ഥിച്ചു. യു.എ.യിൽ കനത്ത മഴ തുടരുന്നതിനാൽ ദുബായ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നുള്ള നിരവധി വിമാന സർവീസുകളും തടസപ്പെട്ടു. സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്ന് യുഎഇയിലെ കാലാവസ്ഥാ കേന്ദ്രം അറിയിച്ചു.